LIBRARY ARCHIVES Kerala Legislative Assembly

മൂന്നാർ സർക്കാർ ആർട്സ് കോളേജ്

129(1114) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ സർക്കാർ ആർട്സ് കോളേജ് പുതുക്കി പണിയുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

&

(ബി) പ്രസ്തുത കോളേജ് പുതുക്കി പണിയുന്നതിന് സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മൂന്നാർ സർക്കാർ കോളേജ് മാറ്റിസ്ഥാപിക്കുന്നതിനായി മൂന്നാർ എഞ്ചിനീയറിംഗ് കോളേജിന്റെ ഭൂമിയിൽനിന്നും ആവശ്യമായ ഭൂമി കണ്ടെത്തുന്നതിന് തീരുമാനമെടുത്തിരുന്നു. ടി സാഹചര്യത്തിൽ എഞ്ചിനീയറിംഗ് കോളേജിന്റെ ഭൂമിയിൽ മൂന്നാർ കോളേജ് മാറ്റിസ്ഥാപിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതിനായി മൂന്നാർ കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് നിർവ്വഹണ ഏജൻസിയായി കിഫ്ബി ചുമതലപ്പെടുത്തിയിട്ടുള്ള കിറ്റ്കോ രണ്ട് പ്ലോട്ടുകളിൽ സാദ്ധ്യതാപഠനം നടത്തുകയുണ്ടായി. പ്ലോട്ട് -1 എഞ്ചിനീയറിംഗ് കോളേജ് മെയിൻ ക്യാമ്പസ് സ്ഥിതി ചെയ്യുന്നതല്ലാതെ ദൂരെ മാറി ബോയ്സ് ഹോസ്റ്റൽ കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയോട് ചേർന്ന ഭാഗം. പ്ലോട്ട്-2 നിലവിൽ എഞ്ചിനീയറിംഗ് കോളേജിന്റെ ഗ്രൗണ്ട് ഉൾപ്പെടുന്ന സ്ഥലം. പഠനം നടത്തിയ രണ്ട് പ്ലോട്ടുകളിൽ പ്ലോട്ട്-1 ആണ് കോളേജ് നിർമ്മാണത്തിന് ഉചിതമെന്നും കിറ്റ്കോ അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്നാൽ ടി ഭൂമിയിലേയ്ക്കുള്ള പ്രധാന റോഡ് ധാരാളം വീടുകൾ നിറഞ്ഞ കോളനിക്കുള്ളിലൂടെയാണ് കടന്നുപോകുന്നത്. ആയതിനാൽ കോളേജ് നിർമ്മിക്കുന്നതിനാവശ്യമായ സാമഗ്രികൾ പദ്ധതി പ്രദേശത്ത് എത്തിക്കുന്നതിനും കുട്ടികൾക്ക് കോളേജിൽ എത്തുന്നതിനും ബുദ്ധിമുട്ടുണ്ടാകാൻ ഇടയുണ്ട്. ഭാവിയിൽ നിലവിലുള്ള റോഡിന്റെ വീതി കൂട്ടി വികസിപ്പിക്കലും സാധ്യമാകില്ല. എന്നാൽ പ്ലോട്ട് ഒന്നിലേയ്ക്ക് പുതിയ റോഡ് നിർമ്മിക്കുകയാണെങ്കിൽ അത് കോളേജ് സ്ഥാപിക്കുന്നതിനും ഭാവി വികസനത്തിനും അനുയോജ്യമായിരിക്കും. ടാറ്റയുടെ ഭൂമിയിലൂടെയോ പ്രസ്തുത ഭൂമിയുടെ അതിർത്തിയിലൂടെയോ വഴി നിർമ്മിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് ഇടുക്കി ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. കോളേജ് നിർമ്മാണത്തിന് കണ്ടെത്തിയ ഭൂമിയിലേയ്ക്ക് റോഡ് സൗകര്യം ലഭ്യമാകുകയാണെങ്കിൽ ഭൂമി ഏറ്റെടുത്ത് കോളേജ് മാറ്റിസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.